വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

# വെളിച്ചം റമദാൻ 2024

## വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

**വെളിച്ചം റമദാൻ2024 ഡേ 06 (മാർച്ച് 17)**

**സൂറത്തു സുഖ്റുഫ്**

**ആയത്ത് 57 മുതൽ 67 വരെ**

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com


സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

## വിഭാഗം- 6

۞ وَلَمَّا ضُرِبَ ٱبْنُ مَرْيَمَ مَثَلًا إِذَا قَوْمُكَ مِنْهُ يَصِدُّونَ ﴿٥٧﴾

﴿57﴾ (നബിയേ) മര്‍യമിന്റെ മകന്‍ ഒരു ഉപമയാ(യി കാണി)ക്കപ്പെട്ടപ്പോള്‍, അപ്പോഴതാ, നിന്റെ ജനത അതിനെക്കുറിച്ച് (ആഹ്ളാദിച്ച്) ആര്‍ത്ത് വിളിക്കുന്നു!

وَقَالُوٓا۟ ءَأَـٰلِهَتُنَا خَيْرٌ أَمْ هُوَ ۚ مَا ضَرَبُوهُ لَكَ إِلَّا جَدَلًۢا ۚ بَلْ هُمْ قَوْمٌ خَصِمُونَ ﴿٥٨﴾

﴿58﴾ അവര്‍ പറയുകയും ചെയ്തു: ഞങ്ങളുടെ ആരാധ്യന്‍മാരാണോ ഉത്തമം, അതോ അദ്ദേഹമോ?! നിന്നോട് ഒരു തര്‍ക്കമായിട്ടല്ലാതെ അതിനെ അവര്‍ ആക്കുന്നില്ല. പക്ഷെ, (അത്രയുമല്ല) അവര്‍ തര്‍ക്കശീലന്‍മാരായ ഒരു ജനതയാകുന്നു.

إِنْ هُوَ إِلَّا عَبْدٌ أَنْعَمْنَا عَلَيْهِ وَجَعَلْنَٰهُ مَثَلًا لِّبَنِىٓ إِسْرَٰٓءِيلَ ﴿٥٩﴾

﴿59﴾ **അദ്ദേഹം, നാം അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ള ഒരു അടിയാനല്ലാതെ (മറ്റൊന്നും) അല്ല; ഇസ്‌റാഈൽ സന്തതികൾക്ക് അദ്ദേഹത്തെ നാം ഒരു മാതൃകയാക്കുകയും ചെയ്തിരിക്കുന്നു.**

وَلَوْ نَشَآءُ لَجَعَلْنَا مِنكُم مَّلَٰٓئِكَةً فِى ٱلْأَرْضِ يَخْلُفُونَ ﴿٦٠﴾

﴿60﴾ **നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഭൂമിയിൽ (നിങ്ങൾക്ക്) പകരം വരുമാറ് നിങ്ങളിൽനിന്നുതന്നെ മലക്കുകളെ നാം ഏർപ്പെടുത്തിയിരിക്കുന്നു.**

---

﴿57﴾ وَلَمَّا ضُرِبَ ആക്കപ്പെട്ട (വിവരിക്കപ്പെട്ട)പ്പോൾ ٱبْنُ مَرْيَمَ മർയമിന്റെ മകൻ مَثَلًا ഒരു ഉപമ (ഉദാഹരണം, മാതൃക)യായി إِذَا قَوْمُكَ അപ്പോഴതാ നിന്റെ ജനത مِنْهُ അതിനെപ്പറ്റി, അതിനാൽ يَصِدُّونَ ആർത്ത്‌വിളിക്കുന്നു ﴿58﴾ وَقَالُوٓا۟ അവർ പറഞ്ഞു, പറയുന്നു ءَأَٰلِهَتُنَا ഞങ്ങളുടെ ദൈവങ്ങളോ, ആരാധ്യൻമാരോ خَيْرٌ ഉത്തമം أَمْ هُوَ അതോ അദ്ദേഹമോ مَا ضَرَبُوهُ അതിനെ അവർ ആക്കിയിട്ടില്ല, വിവരിച്ചിട്ടില്ല لَكَ നിന്നോട് إِلَّا جَدَلًۢا ഒരു തർക്കമായിട്ട് (തർക്കത്തിന്) അല്ലാതെ بَلْ هُمْ പക്ഷേ (എന്നാൽ) അവർ قَوْمٌ خَصِمُونَ തർക്കശീലരായ ഒരു ജനതയാണ് ﴿59﴾ إِنْ هُوَ അദ്ദേഹമല്ല إِلَّا عَبْدٌ ഒരു അടിയാൻ (അടിമ) അല്ലാതെ أَنْعَمْنَا നാം അനുഗ്രഹം ചെയ്ത عَلَيْهِ അദ്ദേഹത്തിന്റെമേൽ وَجَعَلْنَٰهُ അദ്ദേഹത്തെ നാം ആക്കുകയും ചെയ്തിരിക്കുന്നു مَثَلًا ഒരു മാതൃക, ഉപമ لِّبَنِىٓ إِسْرَٰٓءِيلَ ഇസ്‌റാഈൽ സന്തതികൾക്ക് ﴿60﴾ نَشَآءُ നാം ഉദ്ദേശിച്ചിരുന്നെങ്കിൽ لَجَعَلْنَا നാം ഉണ്ടാക്കു (ഏർപ്പെടുത്തു)മായിരുന്നു مِنكُم നിങ്ങളിൽ നിന്ന്, നിങ്ങൾക്ക് (പകരം) مَّلَٰٓئِكَةً മലക്കുകളെ فِى ٱلْأَرْضِ ഭൂമിയിൽ يَخْلُفُونَ പകരം വരുന്ന, പിൻഗമിക്കുന്നവരായിട്ട്

---

നിങ്ങളും, അല്ലാഹുവിന്പുറമെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിന്റെ ഇന്ധനമാകുന്നു. إنكم وما تعبدون من دون الله حصب جهنم-الأنبياء:٩٨ എന്ന് സൂ: അൻബിയാഉ് 98 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നുവല്ലോ. കിട്ടുന്ന സന്ദർഭമെല്ലാം കുതർക്കങ്ങൾക്ക് ഉപയോഗിക്കാറുള്ള ആ മുശ്‌രിക്കുകൾ ഇതുകേട്ടപ്പോൾ, ഒരവസരം കണ്ടെത്തി. അങ്ങനെയാണെങ്കിൽ, ചിലർ മലക്കുകളെയും, ചിലർ ഉസൈർ (റ)നെയും, മറ്റ് ചിലർ ഈസാ നബി (അ)യെയും ആരാധിച്ചു വരുന്നുണ്ടല്ലോ. ഇവരെല്ലാവരും നരകത്തിന്റെ വിറകായിരിക്കേണ്ടതല്ലേ? അതേ സമയത്ത് ഇവരെല്ലാം അല്ലാഹുവിങ്കൽ നല്ല ആളുകളാണെന്ന് മുഹമ്മദ് സമ്മതിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അക്കൂട്ടത്തിൽ ഞങ്ങളും, ഞങ്ങൾ ആരാധിച്ചുവരുന്ന

വസ്തുക്കളും നരകത്തിൽ പോകുകയാണെങ്കിൽ ആയിക്കൊള്ളട്ടെ. ഇതായിരുന്നു തർക്കം. ഇതിനുള്ള മറുപടി സൂ: അൻബിയാഉ്, 101 ൽ തന്നെ അല്ലാഹു പ്രസ്താവിച്ചിട്ടുമുണ്ട്. ബഹുദൈവാരാധനയെ ഒരിക്കലും തൃപ്തിപ്പെടാത്ത സജ്ജനങ്ങൾ അതിൽനിന്ന് ഒഴിവാണെന്നത്രെ ആ മറുപടിയുടെ സാരം. ഈസാ നബി (അ)യെ സംബന്ധിച്ചിടത്തോളം അദ്ദേഹം ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും, പ്രമുഖനായ ഒരു പ്രവാചകവര്യനാണെന്ന് മുസ്ലിംകളും വിശ്വസിക്കുന്നു. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ പേരിൽ തർക്കംകൊണ്ട് വരുന്ന മുശ്രിക്കുകൾ കൂടുതൽ ശ്രമം നടത്തുമല്ലോ. ഇതിനെപ്പറ്റിയാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്.

ഈസാ (അ) പിതാവില്ലാതെ ജനിച്ച ആളാണെന്നത്കൊണ്ട് അദ്ദേഹം ഒരു മനുഷ്യനല്ലാതാകുന്നില്ല. അല്ലാഹു പല അനുഗ്രഹങ്ങളും ചെയ്തുകൊടുത്തിട്ടുള്ള ഒരു അടിയാൻ മാത്രമാണദ്ദേഹം. ഇസ്റാഈല്യർക്ക് മാതൃകാപുരുഷനായി അദ്ദേഹം നിയോഗിക്കപ്പെട്ടിരുന്നു. എന്നല്ലാതെ, അദ്ദേഹം ഒരു ദൈവമോ, ദൈവപുത്രനോ, മലക്കോ ഒന്നുമല്ല. പിതാവില്ലാതെ മനുഷ്യനെ സൃഷ്ടിക്കുകയെന്നത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഒരു വമ്പിച്ച കാര്യമൊന്നുമല്ല. വേണമെങ്കിൽ, മനുഷ്യരിൽ നിന്നുതന്നെ മലക്കുകളെ സൃഷ്ടിക്കുവാനും, മനുഷ്യർക്ക് പകരം അവരെ ഭൂമിയിലെ പ്രതിനിധികളാക്കുവാനും അവന് കഴിയും. എന്നൊക്കെയാണ് 59, 60 എന്നീ വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. ഈസാ (അ)നെപ്പറ്റി വീണ്ടും പറയുന്നു:-

وَإِنَّهُۥ لَعِلْمٌ لِّلسَّاعَةِ فَلَا تَمْتَرُنَّ بِهَا وَٱتَّبِعُونِ ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٦١﴾

**﴿61﴾ അദ്ദേഹം അന്ത്യസമയത്തിനുള്ള ഒരു അറിവും (അഥവാ അടയാളവും) ആകുന്നു. ആകയാൽ, നിങ്ങൾ അതിനെപ്പറ്റി സംശയിക്കുകതന്നെ വേണ്ടാ. നിങ്ങൾ എന്നെ [എന്റെ മാർഗത്തെ] പിൻപറ്റുകയും ചെയ്യുവിൻ. (ശരിക്ക്) ചൊവ്വായ പാതയാണ് ഇത്.**

وَلَا يَصُدَّنَّكُمُ ٱلشَّيْطَٰنُ ۖ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٦٢﴾

**﴿62﴾ പിശാച് നിങ്ങളെ (ഈ പാതവിട്ട്) തടയാതിരിക്കുകയും ചെയ്യട്ടെ. നിശ്ചയമായും, അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു.**

---

**﴿61﴾** وَإِنَّهُ നിശ്ചയമായും അദ്ദേഹം لَعِلْمٌ ഒരു അറിവ് (അടയാളം) തന്നെയാണ് لِلسَّاعَةِ അന്ത്യസമയത്തിന് فَلَا تَمْتَرُنَّ ആകയാൽ നിങ്ങൾ സംശയിക്കുകതന്നെ വേണ്ടാ, സന്ദേഹം വെക്കരുത് بِهَا അതിനെപ്പറ്റി وَٱتَّبِعُونِ എന്നെ പിൻപറ്റുകയും

ചെയ്യുവിൻ هَـٰذَا ഇത് صِرَٰطٌ പാതയാണ്, വഴിയാണ് مُّسْتَقِيمٌ ചൊവ്വായ, നേരായ ﴾62﴿ وَلَا يَصُدَّنَّكُمُ നിങ്ങളെ തടയാതിരിക്കട്ടെ ٱلشَّيْطَـٰنُ പിശാച് إِنَّهُۥ لَكُمْ നിശ്ചയമായും നിങ്ങൾക്ക് അവൻ عَدُوٌّ ശത്രുവാണ് مُّبِينٌ പ്രത്യക്ഷമായ, (തനി)

---

وإنه لعلم الساعة (അദ്ദേഹം അന്ത്യസമയത്തിനുള്ള ഒരു അറിവുമാകുന്നു.) എന്ന വാക്യത്തിന്റെ സാരം, അന്ത്യനാളിന്റെ ആസന്നതയെക്കുറിക്കുന്ന ഒരു അടയാളമാണ് ഈസാ നബി (അ) എന്നത്രെ. ക്വുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അംഗീകരിച്ച വ്യാഖ്യാനം ഇതാകുന്നു. عَلَم (അലമുൻ) എന്നും ഇവിടെ വായനയുണ്ട്. അടയാളം എന്നാണ് ആ വാക്കിനർത്ഥം. ഇത് ഈ അഭിപ്രായത്തിന് ബലം നൽകുന്നുമുണ്ട്; കൂടാതെ, ലോകാവസാനത്തിന് മുമ്പ് ഈസാ നബി (അ) ഭൂമിയിൽ ഇറങ്ങിവരുമെന്ന് പ്രബലമായ പല ഹദീഥുകളാലും സ്ഥാപിതമായതാണ്. ഇതെല്ലാം കണക്കിലെടുത്ത് കൊണ്ടത്രെ ബഹുഭൂരിഭാഗം ക്വുർആൻ വ്യാഖ്യാതാക്കളും ഈ അർത്ഥവ്യാഖ്യാനം സ്വീകരിച്ചിരിക്കുന്നത്. ഈ അഭിപ്രായപ്രകാരം (അത് എന്നും, അദ്ദേഹംഎന്നും അർത്ഥം വരാവുന്ന) وإنه എന്ന വാക്കിലെ സർവ്വനാമം (ضمير) ഈസാ നബി (അ)യെക്കുറിച്ചാകുന്നു. ആ സർവ്വനാമം, ക്വുർആനെ ഉദ്ദേശിച്ചാണെന്നും നബിﷺയെ ഉദ്ദേശിച്ചാണെന്നും, ചുരുക്കം ചിലർ അഭിപ്രായപ്പെട്ട് കാണാം. എങ്കിലും ആ അഭിപ്രായത്തിന് പ്രസക്തിയില്ല. കാരണം, 57 -ാം വചനം മുതൽ ഇതേവരേക്കുമുള്ള സംസാരം ഈസാ നബി (അ)യെക്കുറിച്ചാണല്ലോ. ഇടയ്ക്ക് വെച്ച് എവിടെയെങ്കിലും ഇവ രണ്ടിനെക്കുറിച്ചും ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ല. അതിന്റെ മുമ്പാകട്ടെ, മൂസാ നബി (അ)യെയും അദ്ദേഹത്തിന്റെ ജനതയെയും സംബന്ധിച്ചായിരുന്നു സംസാരിച്ചിരുന്നതും.

മുമ്പ് ആരും പറഞ്ഞുകാണാത്ത ഒരു വിചിത്രമായ അഭിപ്രായം ഈയിടെയായി ചിലർ പുറപ്പെടുവിച്ച് കാണുന്നു. ലോകാവസാനഘട്ടത്തെയും അതിനെത്തുടർന്നുണ്ടാകുന്ന സംഭവങ്ങളെയുമാണ് ആ സർവ്വനാമം കുറിക്കുന്നത് എന്നത്രെ അത്. وإنه لعلم للساعةالخ എന്ന വാക്യത്തിന് ഇവർ കൊടുക്കുന്ന അർത്ഥവ്യാഖ്യാനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു. അത്- മുമ്പ് പറഞ്ഞത്- അന്ത്യസമയത്തെക്കുറിച്ചുള്ള സൂക്ഷ്മജ്ഞാനം തന്നെയാകുന്നു. അഥവാ അല്ലാഹു അങ്ങനെ പറഞ്ഞിരിക്കുന്നത് അവന്റെ സൂക്ഷ്മജ്ഞാനത്തിൽനിന്ന് എടുത്ത് പറഞ്ഞതാണ്. അതിൽ സംശയിക്കേണ്ടതില്ല.പത്തിരുപത് ആയത്തുകൾക്കുമുമ്പ് (38, 39 ൽ) മാത്രം ഒരിടത്ത് അന്ത്യനാളിൽ ബഹുദൈവവിശ്വാസികളുടെ സ്ഥിതിയെപ്പറ്റി ഒരു പരാമർശമുണ്ടെന്നത് ശരിയാണ്. അതൊഴിച്ചാൽ, ആ വിഷയകമായി ഈ സൂറത്തിൽ എവിടെയും തന്നെ കാര്യമായൊന്നും പ്രസ്താവിക്കുന്നില്ല തന്നെ. എന്നിരിക്കെ, ഈ വ്യാഖ്യാനം ഒട്ടും സ്വീകാര്യമല്ല. ഈസാ (അ) ജീവിച്ചിരിപ്പുണ്ടെന്നും, അദ്ദേഹം ഭൂമിയിൽ ഇറങ്ങിവരുമെന്നും ഇവർക്ക് വിശ്വസിക്കുവാൻ കഴിയാത്തതാണ് യാതൊരടിസ്ഥാനവുമില്ലാത്ത ഈ പുതിയ വ്യാഖ്യാന

ത്തിന് മുതിരുവാൻ വാസ്തവത്തിൽ ഇവരെ പ്രേരിപ്പിച്ചത്. (ഈസാ നബി (അ) യുടെ വരവിനെയും, ജീവിച്ചിരിപ്പിനെയും സംബന്ധിച്ചും, അവയെ നിഷേധിക്കുന്നവരെ സംബന്ധിച്ചും കൂടുതൽ വിവരം സൂ: ആലുഇംറാനിലും, സൂ: നിസാഇലുംവെച്ച് പ്രതിപാദിച്ചിട്ടുണ്ട്.)

ഈസാ (അ) ലോകവസാനത്തിന്മുമ്പായി ഭൂമിയിൽ ഇറങ്ങിവരുമെന്ന് കാണിക്കുന്ന ഹദീഥുകൾ, പ്രധാനപ്പെട്ട എല്ലാ ഹദീഥ് പണ്ഡിതൻമാരും അവരവരുടെ ഹദീഥുഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. അവ മിക്കവാറും പരക്കെ അറിയപ്പെട്ടതുമാകുന്നു. ഇവിടെ അവ ഉദ്ധരിച്ച് ദീർഘിപ്പിക്കേണ്ടുന്ന ആവശ്യമില്ല. അന്ത്യനാളിന് മുമ്പായി അദ്ദേഹം ഇറങ്ങിവരുമെന്നും, നീതിമാനായ ഒരു വിധികർത്താവെന്ന നിലക്ക് ഇസ്‌ലാമിക വിധി വിലക്കുകൾ നടപ്പിലാക്കുമെന്നും, ഇസ്‌ലാമികബോധം വളർത്തുമെന്നുമാണ് അവയുടെ രത്നച്ചുരുക്കം. ഈ വിഷയകമായി ഇമാം ബുഖാരീ (റ)യും മുസ്‌ലിമും (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ അതിന് തെളിവായി സൂ: നിസാഇലെ ഈ വചനം ഉദ്ധരിച്ചിരിക്കുന്നത് കാണാം: وإن من أهل الكتاب إلا ليؤمنن به قبل موته–النساء(സാരം: വേദക്കാരിൽ ഒരാളും, അദ്ദേഹത്തിന്റെ– ഈസാ നബിയുടെ– മരണത്തിന്മുമ്പ് അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കുകയില്ല.)

وَلَمَّا جَآءَ عِيسَىٰ بِٱلْبَيِّنَٰتِ قَالَ قَدْ جِئْتُكُم بِٱلْحِكْمَةِ وَلِأُبَيِّنَ لَكُم بَعْضَ ٱلَّذِى تَخْتَلِفُونَ فِيهِ ۖ فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿٦٣﴾

**﴿63﴾ വ്യക്തമായ തെളിവുകളും കൊണ്ട് ഈസാ വന്നപ്പോൾ അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ നിങ്ങൾക്ക് വിജ്ഞാനവും കൊണ്ടുവന്നിരിക്കുന്നു; നിങ്ങൾ (പരസ്പരം) ഭിന്നാഭിപ്രായത്തിലായിക്കൊണ്ടിരിക്കുന്നതിൽ ചിലത് നിങ്ങൾക്ക് വിവരിച്ചുതരുവാൻ വേണ്ടിയുമാകുന്നു (വന്നിരിക്കുന്നത്). ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; എന്നെ അനുസരിക്കുകയും ചെയ്യുവിൻ.**

إِنَّ ٱللَّهَ هُوَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٦٤﴾

**﴿64﴾ നിശ്ചയമായും, അല്ലാഹു തന്നെയാണ് എന്റെ രക്ഷിതാവും, നിങ്ങളുടെ രക്ഷിതാവും. അതിനാൽ, നിങ്ങൾ അവനെ ആരാധിക്കണം. ഇത് (ശരിക്കും) നേരായ പാതയാകുന്നു.**

فَٱخۡتَلَفَ ٱلۡأَحۡزَابُ مِنۢ بَيۡنِهِمۡۖ فَوَيۡلٌ لِّلَّذِينَ ظَلَمُواْ مِنۡ عَذَابِ يَوۡمٍ أَلِيمٍ ﴿٦٥﴾

**﴾65﴿ എന്നിട്ട് അവർക്കിടയിൽ നിന്ന് (പല) കക്ഷികൾ ഭിന്നിച്ചു. അതിനാൽ, അക്രമം പ്രവർത്തിച്ച വർക്ക് വേദനയേറിയ ഒരു ദിവസത്തെ ശിക്ഷമൂലം നാശം!**

---

﴾63﴿ وَلَمَّا جَآءَ عِيسَىٰ ഈസാ വന്നപ്പോൾ بِٱلۡبَيِّنَٰتِ തെളിവുകളുമായി قَالَ
അദ്ദേഹം പറഞ്ഞു قَدۡ جِئۡتُكُم തീർച്ചയായും ഞാൻ നിങ്ങൾക്ക് വന്നിരിക്കുന്നു
بِٱلۡحِكۡمَةِ വിജ്ഞാനം കൊണ്ട് وَلِأُبَيِّنَ لَكُم നിങ്ങൾക്ക് ഞാൻ വിവരിച്ചു (വ്യക്തമാ
ക്കി) തരുവാനും بَعۡضَ ٱلَّذِي യാതൊന്നിൽ ചിലത് تَخۡتَلِفُونَ فِيهِ അതിൽ നിങ്ങൾ
ഭിന്നിച്ചു (അഭിപ്രായ വ്യത്യാസത്തിലായി) കൊണ്ടിരിക്കുന്നു فَٱتَّقُواْ ٱللَّهَ
അതുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَأَطِيعُونِ എന്നെ അനുസരിക്കുകയും
ചെയ്യുവിൻ ﴾64﴿ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു هُوَ رَبِّي അവൻ എന്റെ റബ്ബാണ്
وَرَبُّكُمۡ നിങ്ങളുടെ റബ്ബുമാണ് فَٱعۡبُدُوهُ ആകയാൽ നിങ്ങളവനെ ആരാധിക്കണം
هَٰذَا ഇത് صِرَٰطٌ مُّسۡتَقِيمٌ നേരായ (ചൊവ്വായ പാതയാണ്)﴾65﴿ فَٱخۡتَلَفَ എന്നിട്ട്
ഭിന്നിപ്പിലായി ٱلۡأَحۡزَابُ കക്ഷികൾ مِنۢ بَيۡنِهِمۡ അവർക്കിടയിൽ നിന്ന് فَوَيۡلٌ അതി
നാൽ നാശം, കഷ്ടം لِّلَّذِينَ ظَلَمُواْ അക്രമം പ്രവർത്തിച്ചവർക്ക് مِنۡ عَذَابِ ശിക്ഷ
മൂലം, ശിക്ഷയാൽ يَوۡمٍ أَلِيمٍ വേദനയേറിയ ഒരു ദിവസത്തെ

---

هَلۡ يَنظُرُونَ إِلَّا ٱلسَّاعَةَ أَن تَأۡتِيَهُم بَغۡتَةً وَهُمۡ لَا يَشۡعُرُونَ ﴿٦٦﴾

**﴾66﴿ അന്ത്യസമയത്തെയല്ലാതെ (വല്ലതും) അവർ നോക്കി (ക്കാത്തു) കൊണ്ടിരിക്കുന്നുവോ? അതായത്, (ബോധപൂർവ്വം) അറിയാതിരിക്കെ, പെട്ടെന്ന് അതവർക്ക് വന്നെത്തുന്നതിനെ(യല്ലാതെ)!**

ٱلۡأَخِلَّآءُ يَوۡمَئِذِۭ بَعۡضُهُمۡ لِبَعۡضٍ عَدُوٌّ إِلَّا ٱلۡمُتَّقِينَ ﴿٦٧﴾

**﴾67﴿ അന്നത്തെ ദിവസം, ചങ്ങാതിമാർ- അവരിൽ ചിലർ ചിലർക്ക്- ശത്രുവായിരിക്കും; (സൂക്ഷ്മതയുള്ള) ഭയഭക്തൻമാരൊഴികെ.**

هَلْ يَنظُرُونَ അവര്‍ നോക്കി (കാത്ത്) കൊണ്ടിരിക്കുന്നുവോ إِلَّا ٱلسَّاعَةَ അന്ത്യസമയത്തെയല്ലാതെ أَن تَأْتِيَهُم അതായത് അതവര്‍ക്ക് വരുന്നത് بَغْتَةً പെട്ടെന്ന്, യാദൃശ്ചികമായി وَهُمْ لَا يَشْعُرُونَ അവര്‍ അറിയാതിരിക്കെ ﴾66﴿ ٱلْأَخِلَّآءُ ചങ്ങാതിമാര്‍ يَوْمَئِذٍۭ ആ ദിവസം بَعْضُهُمْ لِبَعْضٍ അവരില്‍ ചിലര്‍ ചിലര്‍ക്ക് عَدُوٌّ ശത്രുവായിരിക്കും إِلَّا ٱلْمُتَّقِينَ സൂക്ഷിക്കുന്നവര്‍ (ഭയഭക്തന്‍മാര്‍) ഒഴികെ ﴾67﴿

ഈസാ നബി (അ)യെ ക്രിസ്ത്യാനികള്‍ ആരാധിച്ചുവരുന്നതിന്‍റെ പേരില്‍ മുശ്‌രിക്കുകള്‍ കൊണ്ടുവന്ന കുതര്‍ക്കങ്ങളെപ്പറ്റി മുമ്പ് പറഞ്ഞുവല്ലോ. എന്നാല്‍, ഈസാ നബി (അ)യുടെ നില എന്തായിരുന്നു? അദ്ദേഹം അവരെ ഉപദേശിച്ചത് എന്തായിരുന്നു? എന്നൊക്കെ ഈ വചനങ്ങളില്‍ വിവരിക്കുന്നു. അതായത്: അദ്ദേഹത്തിന്‍റെ ആഗമനത്തിനുമുമ്പ് തന്നെ ഇസ്റാഈല്യര്‍ സത്യമാര്‍ഗത്തില്‍നിന്ന് പിഴച്ചുപോയിരുന്നു. അവര്‍ക്ക് നേര്‍മാര്‍ഗം കാണിച്ചുകൊടുക്കുന്നതിനാവശ്യമായ വേദവിജ്ഞാനങ്ങളും, ദൃഷ്ടാന്തങ്ങളും കൊണ്ടാണ് അദ്ദേഹം രംഗപ്രവേശം ചെയ്തത്. അദ്ദേഹം ഉപദേശിച്ചതാകട്ടെ, യഥാര്‍ത്ഥ തൗഹീദും അതിന്‍റെ അടിസ്ഥാനത്തിലുള്ള നേര്‍മാര്‍ഗവുമായിരുന്നു. പക്ഷേ, അവരില്‍ വീണ്ടും ഭിന്നിപ്പും ഛിദ്രവും ഉടലെടുക്കുകയും, നേര്‍മാര്‍ഗത്തില്‍നിന്ന് അവര്‍ വ്യതിചലിക്കുകയുമാണുണ്ടായത്. അങ്ങനെ, ക്വിയാമത്ത് നാളില്‍ വമ്പിച്ച ശിക്ഷക്ക് അവര്‍ കാരണഭൂതരായിരിക്കുകയാണ്. ഇന്ന് അക്രമത്തിലും, ദുര്‍മാര്‍ഗത്തിലും അന്യോന്യം സഹായിച്ചും സഹകരിച്ചും വര്‍ത്തിക്കുന്ന മിത്രങ്ങളെല്ലാം അന്ന് പരസ്പരം ശത്രുക്കളായി മാറും. സജ്ജനങ്ങളായ ഭയഭക്തന്‍മാര്‍മാത്രമേ ഇതില്‍നിന്നൊഴിവാകുകയുള്ളു. അവരോട് ഇപ്രകാരം പറയപ്പെടും:-